ADFACTORS PR
Knowledge-driven communications

| | | | |
|---|---|---|---|
| Published Date: | 13 Oct 2018 | Publication: | Future Kerala (Malyalam) |
| Edition: | Kochi | Page No: | 3 |
| MAV/CCM: | 15580.44/34.47 | Circulation: | 9500 |

# ടിസിഎസ് ഐടി വിസ് ക്വിസ് 2018 കൊച്ചി എഡിഷൻ 31ന്

**കൊച്ചി:** പ്രമുഖ ഐടി, കൺസൾട്ടിംഗ് സേവനദാതാക്കളായ ടാറ്റ കൺസൾട്ടൻസി സർവീസസ് സ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന ഇന്ത്യയിലെ ഏറ്റവും വലിയ സാങ്കേതികവിദ്യാ പ്രശ്നോത്തരിയായ ടിസിഎസ് ഐടി വിസ് 2018-ന്റെ കൊച്ചി എഡിഷൻ മത്സരങ്ങൾ ഈ മാസം 31-ന് കലൂർ ഗോകുലം പാർക്ക് ഹോട്ടൽ ആൻഡ് കൺവൻഷൻ സെന്ററിൽ നടക്കും.

എട്ടു മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിൽ പഠിക്കുന്നവർക്ക് മത്സരത്തിൽ പങ്കെടുക്കാം. ഓരോസ്കൂളിൽനിന്നും രണ്ട് പേർ വീതമടങ്ങിയ എട്ട് ടീമുകൾക്ക്‌വരെ പങ്കെടുക്കാം. പ്രവേശനം സൗജന്യമായിരിക്കും. പങ്കെടുക്കാൻ താൽപ്പര്യമുള്ള സ്കൂളുകൾ 29-ന് മുമ്പായി ടിസിഎസ്ഐടി വിസ്കോർഡിനേറ്റർ, ടാറ്റ കൺസൾട്ടൻസി സർവീസസ്, ടിസിഎസ് സെന്റർ, സെസ് യൂണിറ്റ്, ഇൻഫോപാർക്ക് പിഒ, കൊച്ചി - 682 041 എന്ന വിലാസത്തിൽ എൻട്രികൾ അയയ്ക്കണം. www.tcsitwiz.com-എന്ന വെബ്സൈറ്റിൽ ഓൺലൈനായും രജിസ്റ്റർചെയ്യാം.

പ്രഥമിക ഘട്ടത്തിലെഎഴുത്ത് പരീക്ഷയിൽവിജയിക്കുന്ന ആറ് ടീമുകളെ പ്രാദേശിക ഫൈനലിലേക്ക് തെരഞ്ഞെടുക്കും. ഒരേസ്കൂളിൽനിന്നും ഒന്നിലധികം ടീമുകൾ തെരഞ്ഞെടുക്കപ്പെട്ടാൽ പ്രഥമികഘട്ടത്തിൽ ഏറ്റവുമധികം സ്കോർ നേടുന്ന ടീമിനെയായിരിക്കും ഫൈനലിൽ ഉൾപ്പെടുത്തുക. കൊച്ചി എഡിഷൻ ഫൈനൽ മത്സരത്തിൽ വിജയിക്കുന്നവർക്ക് അടുത്ത മാസം 25ന് മുംബൈയിൽ നടക്കുന്ന ദേശീയഫൈനൽ മത്സരത്തിൽ പങ്കെടുക്കാം.

കൊച്ചിക്കുപുറമെ അഹമ്മദാബാദ്, ബെംഗളൂരു, ഭുവനേശ്വർ, ചെന്നൈ, ഡെൽഹി, ഹൈദരാബാദ്, ഇൻഡോർ, കൊൽക്കത്ത, മുംബൈ, നാഗ്പുർ, പൂന എന്നിങ്ങനെ 12 പ്രാദേശികകേന്ദ്രങ്ങളിൽകൂടി ടിസിഎസ്ഐടിവിസ് 2018 സംഘടിപ്പിക്കുന്നുണ്ട്.

കൊച്ചി എഡിഷൻ ഫൈനൽ മത്സരത്തിൽവിജയിയാകുന്ന ടീമിന് 60,000 രൂപയുടെ സമ്മാന വൗച്ചറുകളും റണ്ണേഴ്സ് അപ്പിന് 40,000 രൂപയുടെവൗച്ചറുകളും ലഭിക്കും. കൂടാതെ ട്രോഫിയുംമെഡലുകളുമുണ്ട്. കൂടാതെ ആറ് ഫൈനലിസ്റ്റുകൾക്കും ജിംബാഗ്, ബ്ലൂടൂത്ത് സ്പീക്കറോടുകൂടിയ മൾട്ടി ഫംഗ്ഷണൽ മ്യൂസിക് ടോർച്ച്, വയർലെസ് ഔട്ട്ഡോർ സ്പീക്കർ, ടിസിഎസ് പെൻഡ്രൈവ് എന്നിവയടക്കമുള്ള സമ്മാനങ്ങളും ലഭിക്കും.